# <u>അപ്പൻ തമ്പുരാന്റെ</u>
# <u>ഭൂതരായർ</u>

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

*അപ്പൻ തമ്പുരാന്റെ "ഭൂതരായർ" എന്ന കൃതി, പാതിവഴിയിൽ നിർമ്മാണം നിർത്തി, വെള്ളിത്തിര കാണാതെ ഉപേക്ഷിക്കപ്പെട്ടു. മലയാളത്തിലെ മൂന്നാമത്തെ ചലച്ചിത്രമാകേണ്ടതായിരുന്നു അത്.*

ഭൂതം, ഭൂതം, ഭൂതം!
ഭാവിഭയമകറ്റും ഭൂതം;
സ്മരണയിലലിയും
*ഭൂതരായർ* —
ഭയവിഹ്വല
ഹാസ്യാക്രോശ
കഥാതന്തു മെനയും
തമ്പുരാന്റെ *ഭൂതരായർ*!

സെറ്റുമുണ്ടെടുത്ത വ്രീളാവിവശയെ
സെറ്റിലെ നടനും സെറ്റുകാരും
സൈറ്റടിപ്പഞ്ചാരപ്പായസം ചേർത്തു
നുകർന്നു രമിച്ചതു സഹിക്കാതെ
തല്ലിപ്പിരിയുന്നു തമ്പുരാന്റെ
സദാചാര സാത്ത്വിക ബോധം!

അധികാരത്തമ്പുരാൻഭാവം
കീഴാളരാം പങ്കുകാരെ
മുൻശുണ്ഠിമുനയിൽ കുത്തി
തെറ്റിപ്പിരിയുന്നു ആഢ്യലോക
തൻപോരിമയുടെ നഷ്ടസൌഭഗം!

"പെട്ടിയിൽപെട്ടു"പോയ,

വെള്ളിരശ്മിയേൽക്കാതെ
പാതിമുറിഞ്ഞ വാർപടം,
ദാനിയേൽച്ചിത്രമോർത്ത്
ലളിതമോഹന ലേഖനം
കൈരളിക്കളഭത്തിൽ
തിലകം തൊടുവിച്ച്
തമ്പുരാനോടു കേണിരിക്കാം:
കവിതയെ കഥയാക്കിയും
കഥയെ നോവലാക്കിയും
നോവലിനെ നാടകമാക്കിയും
നാടകത്തെ സിനിമയാക്കിയും
സിനിമയെ ലേഖനമാക്കിയും
ചാക്രികമുഷിപ്പാർന്ന മനീഷ,
ലക്ഷണമൊത്ത നവാശയം
സർഗ്ഗചേതനാ വാണിയിൽ
മാധ്യമം മറന്നു ചാലിച്ച്
രചിപ്പതല്ലയോ അഭികാമ്യം!
**************************************************